സാക്ഷരകേരളത്തിന്റെ ആദ്യാക്ഷരം
ദീപിക
THE FIRST MALAYALAM DAILY ESTD 1887

**03 February 2022**

# ന്യൂജൻ മത്സ്യമായി പോളവറ്റ



പുതുതായി കണ്ടെത്തിയ പോളവറ്റ എന്ന മത്സ്യം.

**കൊച്ചി:** ഇന്ത്യയുടെ സമുദ്രമത്സ്യസമ്പത്തിലേക്കു പുതിയ ഒരു മത്സ്യം കൂടി. വറ്റ കുടുംബത്തിൽപ്പെട്ട പുതിയ മീനിനെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനമാണ് (സിഎംഎഫ്ആർഐ) കണ്ടെത്തിയത്. സ്കോംബറോയിഡ്സ് പെലാജിക്കസ എന്നാണ് ഈ മീനിന് ഔദ്യോഗികമായി പേരിട്ടിരിക്കുന്നത്. മത്സ്യത്തൊഴിലാളികൾക്കിടയിൽ പോളവറ്റ എന്നാണ് ഇതിന്റെ വിളിപ്പേര്. വറ്റകളിൽതന്നെയുള്ള ക്വീൻ ഫിഷ് വിഭാഗത്തിൽപ്പെടുന്ന ഈ മീനിനെ ശാസ്ത്രീയ പഠനങ്ങളിലൂടെയാണ് പുതിയ മത്സ്യമാണെന്നു സിഎംഎഫ്ആർഐ തിരിച്ചറിഞ്ഞത്.

ഇന്ത്യൻ തീരങ്ങളിൽ 60ഓളം വറ്റയിനങ്ങളുണ്ട്. അവയിൽ നാല് ക്വീൻ ഫിഷുകളാണ് നിലവിലുണ്ടായിരുന്നത്. അഞ്ചാമത് ക്വീൻ ഫിഷാണ് പുതുതായി കണ്ടെത്തിയ പോളവറ്റ എന്ന് മീനിനെ കണ്ടെത്താൻ നേതൃത്വം നൽകിയ സിഎംഎഫ്ആർഐയിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ഇ.എം. അബ്ദുസമദ് പറഞ്ഞു. നേരത്തെ ഈ വിഭാത്തിൽപ്പെട്ട മൂന്നുമീനുകൾക്ക് വംശനാശം സംഭവിച്ചിരുന്നു. വിപണിയിൽ പോളവറ്റയ്ക്ക് കിലോഗ്രാമിന് 250 രൂപവരെ വിലയുണ്ട്. മാംസളമായ ശരീരഘടനയുള്ള പോളവറ്റ മറ്റ് വറ്റയിനങ്ങളെ പോലെതന്നെ രുചിയുള്ള മത്സ്യമാണ്. ഇന്ത്യയുടെ കിഴക്കൻ തീരങ്ങളിലാണ് ഇവയെ കൂടുതലായി കണ്ടുവരുന്നത്.